# ചൂരൽ കഷായത്തിനു വിലക്ക്

പഠിപ്പിക്കാൻ വേണ്ടി അദ്ധ്യാപകർ കുട്ടികളെ അടിക്കുന്നത് ശിശുക്കളുടെ അവകാശങ്ങളെപ്പറ്റിയുള്ള അന്താരാഷ്ട്ര ഉടമ്പടി വ്യവസ്ഥകൾക്കു വിരുദ്ധ മാണെങ്കിലും, 21 -ാംനൂറ്റാണ്ടിലും കുട്ടി കളെ ശാരീരികമായും മാനസികമായും പീഡിപ്പിച്ചുകൊണ്ടാണ് അദ്ധ്യാപനം മുന്നോട്ടു നീങ്ങുന്നത്.

ഏതായാലും കേരളത്തിലെ മല പ്പുറം ജില്ലയിലെ വിദ്യാർത്ഥികൾക്ക് ഇനി ചൂരൽകഷായം കുടിക്കേണ്ടി വരില്ല. മലപ്പുറം വിദ്യാഭ്യാസ ജില്ലയിലെ ഡിഡിശ്രീ കെ. ബഷീർ, 1.1.2000 മുതൽ മലപ്പുറം ജില്ലയിലെ വിദ്യാലയങ്ങളിൽ കുട്ടികളെ ശാരീരികമായോ മാനസി കമായോ പീഡിപ്പിക്കുന്നത് നിരോധി ച്ചുകൊണ്ട് ഒരു ഉത്തരവിറക്കിയിരി ക്കുന്നു. ഉത്തരവുപ്രകാരം കുട്ടികളെ അടിക്കാനുള്ള വടി ക്ലാസ് മുറികളിൽ കൊണ്ടുപോകുന്നത് കർശനമായി നിരോധിച്ചിരിക്കുകയാണ്.